ജയിലാസ്ഥാനകാര്യാലയം,
തിരുവനന്തപുരം,
തീയതി: 14-11-2019

**സർക്കുലർ നം.56**

വിഷയം: ജയിലുകൾ - തടവുകാരുടെ എസ്കോർട്ട് സംബന്ധിച്ച്

തടവുകാരുടെ മാതാപിതാക്കൾ, മക്കൾ എന്നിവർ ആരെങ്കിലും അത്യാസന്നനിലയിൽ കിടക്കുന്ന സാഹചര്യത്തിൽ ഇവരെകാണുവാൻ പരോൾ ആവശ്യപ്പെടുന്ന പക്ഷം ആയതിന്റെ നിജസ്ഥിതി അന്വേഷിച്ച് എസ്കോർട്ട് പരോൾ നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈയടുത്ത കാലത്ത് ഒരു തടവുകാരന് ടിയാന്റെ പിതാവിനെ കാണുന്നതിനായി പരോൾ ആവശ്യപ്പെട്ടപ്പോൾ പരോൾ ലഭിക്കാത്തതിനാൽ വകുപ്പ് മേധാവിയെ അറിയിക്കുകയുണ്ടായി. തുടർന്ന് ടിയാൻ എസ്കോർട്ടിൽ പോയി പിതാവിനെ കാണുകയും അന്നുതന്നെ പിതാവ് മരിക്കുകയും ചെയ്തതായി അറിയുവാനും കഴിഞ്ഞു.

മേൽപറഞ്ഞ പ്രകാരമുള്ള അത്യാസന്നനിലയിലുള്ള മാതാപിതാക്കളെയോ, മക്കളെയോ കാണുന്നതിന് പോലീസ് എസ്കോർട്ട് ലഭിക്കാത്ത, അടിയന്തിര ഘട്ടത്തിൽ ജയിൽ വകുപ്പ് ഉദ്യോഗസ്ഥർ തന്നെ എസ്കോർട്ട് പോകേണ്ടതാണ്. അല്ലാത്തപക്ഷം ജയിൽ സൂപ്രണ്ടുമാർക്കെതിരെ നടപടി സ്വീകരിക്കുന്നതായിരിക്കും

ഋഷിരാജ് സിംഗ് ഐ.പി.എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും